(സി) കടുത്തരുത്തി പോലീസ് സ്റ്റേഷനിലെ ജോലി ഭാരം കുറയ്ക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും 2015-16 കാലഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഈ സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഈ സാമ്പത്തിക വർഷം തന്നെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) കടുത്തരുത്തി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ആരംഭിച്ചിരിക്കുന്ന മാഞ്ഞൂർ പോലീസ് സ്റ്റേഷനുവേണ്ടി സ്ഥിരമായുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം മാഞ്ഞൂർ പഞ്ചായത്തിൽ നിന്നും കൈമാറി ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് കാലതാമസം ഉണ്ടായാൽ ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് കുറുപ്പന്തറ കടവ് ഭാഗത്ത് കണ്ടെത്തിയ താത്കാലിക കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മാഞ്ഞൂർ പോലീസ് സ്റ്റേഷനുവേണ്ടി സ്ഥിരമായുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം മാഞ്ഞൂർ പഞ്ചായത്തിൽനിന്നും കൈമാറി ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാന സർക്കാർ പോലീസ് സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കുന്ന അടുത്ത ലിസ്റ്റിൽ മാഞ്ഞൂർ പോലീസ് സ്റ്റേഷനെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസിനുവേണ്ടി ഹെലികോപ്റ്റർ വാടകയ്ക്ക് എടുക്കൽ

75 (1437) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിനുവേണ്ടി പവൻ ഹൻസ് കമ്പനിയിൽനിന്നും ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തിട്ടുണ്ടോ; ഇപ്പോൾ പ്രസ്തുത ഹെലികോപ്റ്റർ ഉപയോഗിക്കുന്നുണ്ടോ എന്നതിന്റെയും വിശദാംശം നൽകുമോ?

ഉണ്ട്. കരാർ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ഹെലികോപ്റ്റർ ഇപ്പോൾ ഉപയോഗിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഹെലികോപ്ടർ എന്തെല്ലാം ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചതെന്നും ആരെല്ലാമാണ് ഇതുവരെയും ഉപയോഗിച്ചിരുന്നത് എന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ?

വ്യോമ നിരീക്ഷണം, മാവോയിസ്റ്റുകളുടെ സാഞ്ചാരപാത നിരീക്ഷണം, ആരോഗ്യ രക്ഷാപ്രവർത്തനം, സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങൾ, തീരദേശം, വനമേഖലകൾ, വിനോദ സഞ്ചാര-തീർത്ഥാടന മേഖലകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും അടിയന്തരഘട്ടങ്ങളിലെ പോലീസിന്റെയും വിശിഷ്ട വ്യക്തികളുടെയും യാത്രയ്ക്കായുമാണ് ഹെലികോപ്റ്ററിന്റെ സേവനം നൽകിയിട്ടുള്ളത്.

(സി) വാടകയിനത്തിലും മറ്റും ഇതിനുവേണ്ടി സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവഴിക്കേണ്ടിവന്നു എന്നതിന്റെയും വിശദാംശം വെളിപ്പെടുത്തുമോ?

ജി.എസ്.ടി. ഉൾപ്പെടെ ആകെ 22,151,000 രൂപ ചെലവായിട്ടുണ്ട്.

ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ

76 (1438) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിലുള്ള വ്യക്തികളെ ജയിലിൽ പാർപ്പിക്കുമ്പോൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് പ്രത്യേക ഉത്തരവിറക്കിയിട്ടുണ്ടോ;

&

(ബി) ഇത്തരം പരിശോധനകൾക്കായി എന്തെങ്കിലും പ്രത്യേക സംവിധാനം സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ?

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത 49 വയസ്സുള്ള രാജ്കുമാറിന്റെ ജുഡീഷ്യൽ കസ്റ്റഡി മരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് (റിട്ട.) ശ്രീ. കെ. നാരായണക്കുറുപ്പ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിൽനിന്നും